**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 538** **08-10-2024 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നികുതി അടവ് ഉറപ്പാക്കാനായി സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നികുതി അടവ് ഉറപ്പാക്കാനായി കേരള സർക്കാർ നടപ്പാക്കിയ 'ലക്കി ബിൽ ആപ്പ്' പദ്ധതി കേന്ദ്ര സർക്കാർ 'മേര ബിൽ മേര അധികാർ' എന്ന പേരിൽ രാജ്യവ്യാപകമായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ നടപ്പാക്കുന്ന 'മേരാ ബിൽ മേരാ അധികാർ പദ്ധതി' ചില സംസ്ഥാനങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കി വരികയാണ്. തുടർന്ന് രാജ്യവ്യാപകമായി നടപ്പിലാക്കാൻ തീരുമാനമുണ്ട് എന്നാണ് അറിയാൻ സാധിച്ചത്. |
| (ബി) | സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനവും തനത് നികുതി വരുമാനവും വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) | ജി.എസ്.ടി നിയമത്തിനനുസൃതമായ രീതിയിൽ വകുപ്പിനെ പുനഃസംഘടിപ്പിച്ച് കൊണ്ട് നികുതി പിരിവു കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പ് പുനഃസംഘടനയിലൂടെ ടാക്സ് പെയർ സർവ്വീസസ്, ഓഡിറ്റ്, ഇന്റലിജൻസ്, എൻഫോഴ്സ്മെൻറ് എന്നീ വിഭാഗങ്ങൾ രൂപികരിച്ചു.<br><br>ടാക്സ് പെയർ സർവ്വീസസ് നികുതി ദായകർ റിട്ടേണുകളിൽ കാണിച്ചിരിക്കുന്ന നികുതി ബാധ്യതയുടെ ആധികാരികത സൂക്ഷ്മ പരിശോധനയിലൂടെ വിലയിരുത്തി നടപടികൾ സ്വീകരിച്ചുകൊണ്ട് തനത് നികുതി വരുമാനം കണ്ടെത്തി സർക്കാരിലേയ്ക്ക് ലഭ്യമാക്കിവരുന്നു.<br><br>ഓഡിറ്റ് വിഭാഗം നികുതിദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതി അടവായിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ എടുത്തുവരുന്നു.<br><br>എൻഫോഴ്സ്മെൻറ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും 24 മണിക്കൂറും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പട്രോളിങ് ചെയ്ത് ചരക്ക് വാഹനങ്ങളുടെ പരിശോധനയിലൂടെ നികുതി വരുമാനം ഉറപ്പുവരുത്തുകയും നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കൃത്യമായ നടപടികളും സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | ഇൻറലിജൻസ് വിഭാഗം വലിയ തോതിൽ നികുതിവെട്ടിപ്പ് നടക്കുന്ന മേഖലകൾ രഹസ്യ അന്വേഷണം, ഇൻഫോർമർമാർ, പരാതികൾ എന്നിവയിലൂടെ കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സേർച്ച്, ഇൻസ്പെക്ഷൻ എന്നിവ നടത്തുകയും നികുതി വെട്ടിപ്പ് കണ്ടെത്തുന്ന പക്ഷം നിയമത്തിനു വിധേയമായി നികുതിയും പിഴയും ഈടാക്കുകയും ആവശ്യമായ പക്ഷം അറസ്റ്റ് അടക്കമുള്ള നടപടികൾ സ്വീകരിച്ചു നികുതി വെട്ടിപ്പ് തടഞ്ഞുകൊണ്ട് നികുതി വരുമാനം വർധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ